# STD - VI

## അദ്ധ്യാപക സഹായി

## പാഠം - അഞ്ച്     പുറപ്പാട് സംഭവം     ഭാഗം - ഒന്ന്

### ലക്ഷ്യം

ഇസ്രായേൽക്കാരുടെ ദൈവാനുഭവത്തിന്റെയും രൂപീകരണത്തിന്റെയും, കാനാൻദേശം ലക്ഷ്യമാക്കിയുള്ള യാത്രയുമാണ് പുറപ്പാട് സംഭവം. ജീവിതത്തിലെ വ്യത്യസ്ത സാഹചര്യങ്ങളിൽ എപ്പോഴും താങ്ങും തണലുമായി നമ്മോടൊപ്പമുള്ള ദൈവത്തെ സ്തുതിക്കും.

### പഠനസഹായികൾ

* വചനം - പുറ. 12:31, പുറ. 14:16
* പുറപ്പാട് ബൈബിൾ കഥകൾ വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* ഫറവോ മോശയോടും അഹറോനോടും ഇസ്രായേൽ ജനത്തെ വിളിച്ചുകൊണ്ട് ഈജിപത്തിൽനിന്നു പോകുവാൻ ആവശ്യപ്പെടുന്നു.
* ദൈവത്തിന്റെ നിർദേശപ്രകാരം മോശയുടെ നേതൃത്വത്തിൽ ഈജിപ്തിന്റെ അടിമത്വത്തിൽനിന്നും ഇസ്രായേൽക്കാരെ മോചിപ്പിക്കുന്നു.
* കാനാൻ ദേശം (തേനും പോലും ഒഴുകുന്ന) ലക്ഷ്യമാക്കിയുള്ള യാത്ര
* ചെങ്കടൽ കടക്കുന്ന സംഭവം

### പ്രാർത്ഥന

എന്റെ ജീവിതയാത്രയിൽ നിത്യം കാത്തുപരിപാലിക്കുന്ന സ്നേഹനിധിയായ ദൈവമേ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു, ആരാധിക്കുന്നു.

### ചോദ്യങ്ങൾ

1. ഇസ്രായേൽക്കാരെ അടിമത്വത്തിൽനിന്നും എവിടെ നിന്നാണ് മോചിപ്പിച്ചത്?
2. ആരാണ് ഇസ്രായേൽ ജനതയെ നയിച്ചത്?
3. പെസഹാ എന്ന വാക്കിന്റെ അർത്ഥം?
4. ഈജിപ്തിൽ എത്ര വർഷമാണ് ഈസ്രായേൽക്കാർ അടിമത്വത്തിൽ കഴിഞ്ഞത്?
5. എങ്ങനെയാണ് ഇസ്രായേൽ ജനം ചെങ്കടൽ കടന്നത്?

# STD - VI

## അദ്ധ്യാപക സഹായി

**പാഠം – അഞ്ച്     പുറപ്പാട് സംഭവം     ഭാഗം – രണ്ട്**

### ലക്ഷ്യം

ദൈവമായുള്ള ഉടമ്പടിയനുസരിച്ച് ജീവിക്കാൻ ദൈവം ഇസ്രായേൽ ജനത്തിന് മോശ വഴി പത്തു പ്രമാണങ്ങൾ നൽകി. ദൈവം നൽകിയ പത്തു കല്പനകൾ അനുസരിച്ച് ഞാൻ ജീവിക്കും.

### പഠനസഹായികൾ

* വചനം – പുറ. 15:22–27, 17:7, 24:3
* സീനായ് ഉടമ്പടി – വീഡിയോ
* ചാർട്ട് – പത്തു കല്പനകൾ

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവത്തിനും, മോശയ്ക്കും എതിരായി ഇസ്രായേൽക്കാരുടെ കുറ്റപ്പെടുത്തലുകൾ
* ദൈവം ജനങ്ങൾക്ക് ഭക്ഷണവും, ജലവും നൽകിയ സംഭവങ്ങൾ
* എന്തിനാണ് ഇസ്രായേൽക്കാർക്ക് പത്തു കല്പനകൾ നൽകിയത് – എന്ന വിവരണം
* ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ പശ്ചാത്തലം
* ഉടമ്പടിയുടെ ലക്ഷ്യം

### പ്രാർത്ഥന

എന്റെ ജീവിത സാഹചര്യം മനസ്സിലാക്കി ദൈവത്തെ കുറ്റപ്പെടുത്താതെ ദൈവകല്പനകൾ അനുസരിച്ച് ജീവിക്കുവാനുള്ള അനുഗ്രഹം എനിക്ക് നൽകണമേ.

### ചോദ്യങ്ങൾ

1. എവിടെനിന്ന് ലഭിച്ച വെള്ളമാണ് കായ്പ്പുള്ളതായിരുന്നത്?
2. സീനായ് മരുഭൂമിയിൽവച്ച് ദൈവം എങ്ങനെയാണ് ഇസ്രായേൽക്കാരെ തൃപ്തിപ്പെടുത്തിയത്?
3. ഇസ്രായേൽക്കാർ കലഹിച്ചതിനാലും, ദൈവത്തെ അവിശ്വസിച്ചതിനാലും ആ സ്ഥലത്തിന് നൽകിയ പേരെന്ത്?
4. എന്തിനാണ് ദൈവം ഇസ്രായേൽക്കാർക്ക് പത്തു കല്പനകൾ നൽകിയത്?
5. സീനായ് ഉടമ്പടി വ്യക്തമാക്കുന്ന രണ്ടു കാര്യങ്ങൾ ഏതെല്ലാം?